ഭരണഭാഷ - മാതൃഭാഷ

മേലെഴുത്ത് നം. ഇഡി1/751/2026/ഡിടിഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം
dtekerala@gmail.com / 04712561307
27-01-2026

ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ 19.01.2026 ലെ SD2/380/2025-GAD നമ്പർ കത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് താല്പര്യമുള്ള ഉദ്യോഗർത്ഥികളിൽ നിന്ന് കത്തിൽ പരാമർശിക്കുന്ന രേഖകൾ 29.01.2026 തീയതി 5 മണിക്ക് മുൻപ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദേശം നല്കി കൊണ്ട് സൂചന കത്ത് തുടർ നടപടിക്കായി ഇതോടൊപ്പം കൈമാറുന്നു.

Dr JAYAPRAKASH P
DIRECTOR

പകർപ്പ്
1.എല്ലാ സ്ഥാപന മേധാവികൾക്കും
2.ഇ- ഓഫീസ് കരുതൽ സഞ്ചയം

Signed by
Jayaprakash P
Date: 29-01-2026 11:22:32

EL738050408IN

22/01

"ഭരണഭാഷ- മാതൃഭാഷ"

EA/EB/EC/ED

കേരള സർക്കാർ

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ഇ-മെയിൽ : soserviced@gmail.com

ഫോൺ നമ്പർ : 0471 251 8544

നമ്പർ.SD2/380/2025-GAD

19-01-2026,തിരുവനന്തപുരം

OFFICE OF THE DIRECTOR OF TECHNICAL EDUCATION

22 JAN 2026

THIRUVANANTHAPURAM

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ വകുപ്പ് മേധാവികൾക്കും.

സർ,

വിഷയം:- സമാശ്വാസ തൊഴിൽദാന പദ്ധതി - ആശ്രിത നിയമനം - റിപ്പോർട്ട് ചെയ്യപ്പെട്ട 151 ഒഴിവുകൾ നികത്തുന്നതിനായി 'അദാലത്ത്' സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 17/01/2026-ൽ പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതിക്കായുള്ള 151 യൂണിഫോം തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി സർക്കാർ പ്രത്യേക 'അദാലത്ത്' സംഘടിപ്പിക്കുന്നു. ഇതിലൂടെ, വിവിധ വകുപ്പുകളിലെ ആശ്രിത നിയമന സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട് നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികകളിലേക്ക് പ്രവേശനം നേടാനുള്ള അവസരമൊരുക്കുന്നു. ആയതിനാൽ, താങ്കളുടെ വകുപ്പിലെ അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും ടി വിവരം കത്ത്, ഫോൺ, ഇമെയിൽ എന്നിവ മുഖേന ഈ വിവരം അടിയന്തരമായി അറിയിക്കേണ്ടതാണ്. പ്രസ്തുത തസ്തികകളിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധരായവരിൽ നിന്നും

നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം (PART-I) (എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം) ശേഖരിച്ച്, വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തി (PART II) **2026 ജനുവരി 31-നകം** പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ നേരിട്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ലഭ്യമായ ഒഴിവുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

♦സിവിൽ പോലീസ് ഓഫീസർ (CPO): പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ആകെ 118 ഒഴിവുകൾ.

♦ബീറ്റ് ഫോറസ്റ്റ് ഓഫീസർ (BFO): പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ആകെ 26 ഒഴിവുകൾ.

♦അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (APO): പുരുഷ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തിയ 7 ഒഴിവുകൾ.

അദാലത്തിലൂടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉദ്യോഗാർത്ഥികൾക്ക് വേഗത്തിൽ നിയമനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

1. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച് അർഹത നിശ്ചയിച്ചു കഴിഞ്ഞ എല്ലാ അപേക്ഷകരേയും അദാലത്തിലേക്ക് പരിഗണിക്കുന്നതാണ്.
2. സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് 18-26 വയസ്സും, ബീറ്റ് ഫോറസ്റ്റ് ഓഫീസറുടേതിന് 19-30 വയസ്സും, അസിസ്റ്റന്റ് പ്രിസൺ ഓഫീസർക്ക് 18-36 വയസ്സുമാണ് പൊതുവായ പ്രായപരിധി നിശ്ചയിച്ചിട്ടുള്ളത്; എങ്കിലും നിയമാനുസൃതമായ ഇളവുകളിലൂടെ ഒ.ബി.സി വിഭാഗത്തിന് മൂന്ന് വർഷവും, എസ്.സി/എസ്.ടി വിഭാഗത്തിന് അഞ്ച് വർഷവും വരെ പ്രായപരിധിയിൽ ഇളവുണ്ട്.
3. യൂണിഫോം തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയും ശാരീരിക അളവുകളും നിർബന്ധമാണ്. വിധവകൾ, വിഭാര്യർ എന്നിവർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കുമെങ്കിലും ശാരീരിക-കായിക ക്ഷമതാ പരീക്ഷകളിൽ വിജയിക്കേണ്ടത് നിയമനത്തിന് അത്യന്താപേക്ഷിതമാണ്.
4. മുൻപ് സിവിൽ പോലീസ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ തസ്തികകളിൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ശാരീരിക കായിക ക്ഷമതാ പരീക്ഷകളിൽ പരാജയപ്പെടുകയും ചെയ്തവർക്കും 2026 ഫെബ്രുവരി

ആദ്യവാരത്തിൽ നടത്തുന്ന ശാരീരിക കായികക്ഷമതാ പരീക്ഷയിൽ അദാലത്തിന്റെ ഭാഗമായി ഒരു അവസരം കൂടി നൽകുന്നതാണ്.

5. സമയപരിധിക്കുള്ളിൽ ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതകൾ മാത്രമേ അദാലത്തിലും പരിഗണിക്കുകയുള്ളൂ. G.O(P)No.4/2025/P&ARD ഉത്തരവ് ഖണ്ഡിക XX (3)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള 'ഒറ്റത്തവണ അവസരം' അദാലത്തിന് ശേഷമേ നിലവിൽ വരികയുള്ളൂ.
6. അദാലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിലേക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ , **അപേക്ഷകന്റെ നിലവിലെ പ്രായത്തിനു പകരം വാലിഡ് ആപ്ലിക്കേഷൻ തീയതിയിലെ പ്രായമാണ് മാനദണ്ഡമായി കണക്കാക്കുന്നത്.**
7. അദാലത്ത് സംബന്ധിച്ചുള്ള സംശയനിവാരണത്തിന് വകുപ്പുകൾക്കും അപേക്ഷകർക്കും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ നമ്പർ : 0471 251 8544).

മേൽ തീരുമാനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കി, താങ്കളുടെ വകുപ്പിന് കീഴിലുള്ള അർഹരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

Sudha B

ADDITIONAL SECRETARY

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Badusha S
Date: 19-01-2026 13:47:39

സെക്ഷൻ ഓഫീസർ.

ഉള്ളടക്കം: സമ്മതപത്രം ( PART I & PART II)

PART I

## സമ്മതപത്രം

...........................................................................................................................................................

................................................................................................ ....................( പേര് , വിലാസം , മൊബൈൽ നമ്പർ , ഇ-മെയിൽ ഐ.ഡി ഉൾപ്പെടെ ) എന്ന എനിക്ക് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് സംഘടിപ്പിക്കുന്ന അദാലത്തിൽ പങ്കെടുക്കുവാനും താഴെപ്പറയുന്ന തസ്തികകളിൽ നിയമനത്തിന് പരിഗണിക്കുവാൻ സമ്മതമാണെന്നും അറിയിക്കുന്നു.

1. സിവിൽ പോലീസ് ഓഫീസർ
2. വുമൺ സിവിൽ പോലീസ് ഓഫീസർ
3. ബീറ്റ് ഫോറസ്റ്റ് ഓഫീസർ ( Male & Female)
4. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ( Male )

ടി തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത (പ്ലസ് ടു) ഞാൻ നേടിയിട്ടുണ്ടെന്നും അറിയിക്കുന്നു.

തീയതി :

ഒപ്പ്

സ്ഥലം :

| |
|---|
| NB : അദാലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള തസ്തികകൾക്ക് നേരേ Tick മാർക്ക് ചെയ്യേണ്ടതാണ്. |

## PART II

## ( വകുപ്പ് മേധാവി ഫിൽ ചെയ്യേണ്ടത് )

| | |
|---|---|
| അപേക്ഷകന്റെ പേര് | |
| വാലിഡ് ആപ്ലിക്കേഷൻ തീയതി | |
| അർഹത നിശ്ചയിച്ച തീയതി | |
| തെരഞ്ഞെടുത്ത ജില്ല | |
| വിദ്യാഭ്യാസ യോഗ്യത | |
| ജനനത്തീയതി | |
| അദാലത്തിൽ പരിഗണിക്കേണ്ട തസ്തികകൾ | 1.<br>2.<br>3. |
| ജീവനക്കാരൻ മരണപ്പെട്ട തീയതി | |

അപേക്ഷകൻ / അപേക്ഷക നിശ്ചിത സമയപരിധിക്കുള്ളിൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ടെന്നും തിരഞ്ഞെടുത്ത തസ്തികകളുടെ പരമാവധി പ്രായപരിധി കടന്നിട്ടില്ലെന്നും അപേക്ഷകൻ / അപേക്ഷക മേൽപറഞ്ഞ തസ്തികകളുടെ അദാലത്തിൽ പരിഗണിക്കുവാൻ അർഹനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :
പേര് :
ഔദ്യോഗിക പദവി :

തീയതി